അദ്ധ്യായം നൂറ്റി ഒന്ന്

## അൽ ഖാരിഅ (ഭയാനക സംഭവം)

അവതരണം മക്കയിൽ, വചനങ്ങൾ 11

**അദ്ധ്യായ പരിചയം:**
പരലോകവിശ്വാസത്തിലേക്ക് വെളിച്ചം വീശുന്ന ചെറിയ അദ്ധ്യായമാണ് ഇത്. സൽക്കർമങ്ങളുടെയും ദുഷ്കർമങ്ങളുടെയും പരിണതിയെ കുറിച്ച് ഇതിൽ മനുഷ്യരെ ഉണർത്തുന്നു.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

ٱلْقَارِعَةُ ﴿١﴾ مَا ٱلْقَارِعَةُ ﴿٢﴾ وَمَآ أَدْرَىٰكَ مَا ٱلْقَارِعَةُ ﴿٣﴾ يَوْمَ يَكُونُ ٱلنَّاسُ
كَٱلْفَرَاشِ ٱلْمَبْثُوثِ ﴿٤﴾ وَتَكُونُ ٱلْجِبَالُ كَٱلْعِهْنِ ٱلْمَنفُوشِ ﴿٥﴾ فَأَمَّا مَن
ثَقُلَتْ مَوَٰزِينُهُۥ ﴿٦﴾ فَهُوَ فِى عِيشَةٍ رَّاضِيَةٍ ﴿٧﴾ وَأَمَّا مَنْ خَفَّتْ
مَوَٰزِينُهُۥ ﴿٨﴾ فَأُمُّهُۥ هَاوِيَةٌ ﴿٩﴾ وَمَآ أَدْرَىٰكَ مَا هِيَهْ ﴿١٠﴾ نَارٌ حَامِيَةٌۢ ﴿١١﴾

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ഭയാനക സംഭവം.
2. എന്താണ് ആ ഭയാനക സംഭവം?
3. ആ ഭയാനക സംഭവം എന്തെന്ന് നിനക്കെന്തറിയാം.
4. അന്ന് മനുഷ്യൻ ചിതറിയ പാറ്റപോലെയാകും;
5. പർവ്വതങ്ങൾ കടഞ്ഞിട്ട കമ്പിളി പോലെയും.
6. അപ്പോൾ ആരുടെ (നന്മയുടെ) തട്ട് കനം തൂങ്ങുന്നുവോ,
7. അവൻ സംതൃപ്ത ജീവിതത്തിലാകുന്നു.
8. ആരുടെ (നന്മയുടെ) തട്ട് കനം കുറയുന്നുവോ,
9. അവൻെറ സങ്കേതം അഗാധ ഗർത്തമാകുന്നു.
10. അത് എന്തെന്ന് നിനക്കെന്തറിയാം?
11. കൊടും ചൂടുള്ള നരകമാണത്.

### വിശദീകരണം

ലോകാവസാന നാളിൻെറ ഭയാനകതയെ സംബന്ധിച്ച് മനുഷ്യന് വല്ലതും അറിയുമോ എന്ന്, മനുഷ്യമനസ്സുകളെ തട്ടിയുണർത്തിക്കൊണ്ട് ദൈവം അവനോട് ചോദിക്കുന്നു. ഈ ചോദ്യത്തിലൂടെ ആത്യന്തികമായ ഒരു വിഷയം അവനെ ബോധ്യപ്പെടുത്തുകയാണ് ചെയ്യുന്നത്.

എന്താണ് ആ ഭയങ്കര സംഭവം എന്ന ചോദ്യത്തിലൂടെയാണ് വിഷയം തുടങ്ങുന്നത്. മനുഷ്യബോധത്തെ തട്ടിയുണർത്താൻ ഉത്തരമായി ചില അടയാളങ്ങൾ അല്ലാഹു ഇവിടെ വിവരിച്ചിരിക്കുന്നു.

ഒന്ന്, അന്നുവരെയുണ്ടായിരുന്ന എല്ലാ ജനങ്ങളും പാറ്റകളെപ്പോലെ നെട്ടോട്ടമോടുന്ന അവസ്ഥയിലായിരിക്കും അന്ന്.

രണ്ട്, വൻ പർവതങ്ങൾ കാറ്റിൽ പഞ്ഞി കണക്കെ അന്തരീക്ഷത്തിൽ പൊട്ടിത്തകർന്ന് പാറി നടക്കും.

തുടർന്ന് പരലോകത്തെ അവസ്ഥയെ വിവരിക്കുന്നു. അവിടത്തെ വിചാരണയിൽ കൂടുതൽ നന്മ ചെയ്തവന് സ്വർഗം ലഭിക്കും. തിന്മ കൂടുതൽ ചെയ്തവന് നരകവും ലഭിക്കും. ഈ കൂടുതലിനെയാണ് ആരുടെ തട്ട് കനം തൂങ്ങുന്നുവോ എന്നതു കൊണ്ട് അർഥ

മാക്കുന്നത്. അന്ന് മനുഷ്യൻെറ പ്രവർത്തനത്തെ തൂക്കിക്കണക്കാക്കിയാണ് ഫലം നിശ്ചയിക്കുക. നന്മയുടെ തട്ട് കനം കൂടുതലാവുക എന്നതത്രെ അവിടെ വിജയം കരസ്ഥമാക്കാനുള്ള വഴി.